# പള്ളികഥകൾ

## മിനികഥകൾ എഴുപത്തിയൊന്നത്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കളിലൊരാളായ ശശിയച്ചന്റെ പാസ്റ്റനേജിൽ ഇടവാംഗമായ രാജു ചെന്ന് നടത്തിയ രോദനമാണ് ഈ കഥ. ശശി എന്നു കേൾക്കുമ്പോൾ പലക്കും പലവിധ സംശയവും ഉണ്ടാകാം. എന്നാൽ അച്ചൻ സത്യത്തിൽ നല്ല ക്രിസ്ത്യാനിയാണ്. നല്ല ഒന്നാംതരം ഓർത്ത്ഡോക്സ് ക്രിസ്ത്യാനി. അച്ചൻ കുടുംബമായി താമസിക്കുകയാണെങ്കിലും അമേരിക്കയിലെ ആ പാസ്റ്റനേജിൽ എപ്പോൾ വേണമെങ്കിലും ഇടവകക്കാർക്ക് ആക്കു വേണമെങ്കിൽ വന്ന് കൗൺസിലിംഗ് നടത്താനുള്ള സൗകര്യം ഉണ്ട്.

### രോദനം

"അച്ചാ, എനിക്കെന്റെ ഭാര്യയെ തിരിച്ചു കിട്ടണം. ഭാര്യ ആയിട്ടു തന്നെ തരിച്ചു കിട്ടണം അല്ലാതെ പരിശുദ്ധ ആയിട്ടു വേണ്ട. അച്ചനറിയാത്ത എന്റെ ജീവിത കഥ ഉണ്ട്. ഞാൻ ഡൽഹിയിലായിരുന്നപ്പോൾ, ബാച്ചിലറായിരുന്നപ്പോൾ അവിടെയുള്ള വേശ്യാലയത്തിൽ നിന്ന് വിലക്കു വാങ്ങിയതാണ് എന്റെ ഭാര്യയെ. ഇപ്പോൾ ഇരുപത്തി രണ്ടു വർഷമായി അവൾ എന്റെ ഭാര്യ ആയി എന്റെ കൂടെയുണ്ട്. ഞങ്ങൾക്ക് മക്കളില്ലന്ന കാര്യം അച്ചനറിയാം.

അന്ന് ഞാൻ അവിടെ ഒരു ഗസറ്റഡ് ഓഫീസറായി ജോലി ചെയ്യുകയായിരുന്നു. അന്നും ഞാനൊരു ശരി പുള്ളി ആയിരുന്നില്ല. വെറും സാധാരണ മനുഷ്യനായി ജീവിച്ചതാണ്. ആ സമയത്ത് ഒരിക്കൽ ഒരു വേശ്യാലയത്തിൽ വെച്ച് അവളെ കണ്ടുമുട്ടിയതാണ്. അവളുടെ ഗതികേടിന്റെ കഥ എനിക്കവളെ രക്ഷിക്കണമെന്ന് തോന്നി. പഠിക്കാൻ മിടുക്കിയായ അവൾ അബദ്ധത്തിൽ അവിടെ വന്നു പെട്ട കഥ ഇവിടെ വിവരിക്കുന്നില്ല. സാധാരണ നിർധനരായ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് സംഭവിക്കാവുന്ന വൻ ചതിയിൽ ചെന്നു പെട്ടതാണെന്നാണ് അവൾ എന്നോടു് പറഞ്ഞത്. അവളവിടെ വന്ന ആറുമാസത്തിനിടയിൽ ആദ്യമായി അവിടെ കണ്ടുമുട്ടുന്ന മലയാളിയാണ് ഞാനെന്ന് അവളെന്നോട് അന്ന് പറഞ്ഞത്. അവൾ പറഞ്ഞതെല്ലാം സത്യമാണെന്ന് ഞാൻ വിശ്വസിച്ചു. ഇപ്പോഴും വിശ്വസിക്കുന്നു.

അവളെ എന്റെ കൂടെ താമസിപ്പിച്ച് അവിടെ തന്നെ നേഴ്സിംഗിന് പ്രവേശനവും വാങ്ങിക്കൊടുത്തു. പെണ്ണെന്ന വർഗ്ഗത്തിനെ അന്നും എനിക്ക് വിശ്വാസമില്ലാതിരുന്നതുകൊണ്ട് അവളെ വിവാഹവും കഴിച്ചു. ഇല്ലെങ്കിൽ കാര്യം കണ്ടു കഴിയുമ്പോൾ കടന്നു കളയാനോ കൈവിട്ടു പോകാനോ സാദ്ധ്യതയുണ്ട്.

കാളിദാസൻ പറഞ്ഞ ഉത്തമയായ ഭാര്യക്കു വേണ്ട യോഗ്യതകൾ എല്ലാം അവൾക്കുണ്ടായിരുന്നു. കഷ്ടപ്പെട്ടു പഠിക്കാൻ പോകുന്നതിനിടയിൽ അവൾ ഭക്ഷണമുൾപ്പെടെ എന്റെ എല്ലാ കാര്യങ്ങളും എല്ലാ ദിവസവും വളരെ ശുഷ്ക്കാന്തിയോടെ കൂടെ നോക്കി എന്നെ ദൈവത്തെപ്പോലെ ആരാധിച്ച് സ്നേഹിച്ച് ശുശ്രൂഷിച്ച് പോന്നിരുന്നു. പള്ളിയിൽ പോകുന്നതിലും പ്രാർത്ഥനയിലും മറ്റെല്ലവരേക്കാളും ഏറ്റം മുൻപന്തിയിലുമായിരുന്നവൾ. ദൈവത്തിന്റെ വലിയ കൃപകൊണ്ടു മാത്രമാണ് അവൾക്ക് എന്നെ കിട്ടിയതെന്നും നല്ല വിശ്വാസമുണ്ട്.

നല്ല സ്ത്രീധനം കിട്ടേണ്ട നല്ല ആഢ്യത്വമുള്ള ഒരു തറവാട്ടിലും കുടുംബത്തിലും പിറന്നവനായിരുന്നു ഞാൻ. എന്നാൽ സാമ്പത്തിക ബലക്ഷയം കൊണ്ട് ദാരിദ്ര്യം ധാരാളം അനുഭവിച്ച് സ്ക്കോളർഷിപ്പു വാങ്ങിയയാണ് ഞാൻ എന്റെ ഉപരിപഠനം പൂർത്തിയാക്കിയതും ജോലി കിട്ടിയതും എല്ലാം.

അതുകൊണ്ടാണ് കഷ്ടത അനുഭവിച്ച അവളിൽ കനിവു തോന്നാൻ കാരണം. ആയത് അവളുടെ ജീവിതത്തിന് നന്മയുണ്ടാകാനിടയായി. വർഷങ്ങൾ പെട്ടന്ന് കടന്നു പോയി. അവളുടെ പഠനം പൂർത്തിയായി. അവൾ പഠിച്ച അവിടെ തന്നെ അവൾക്ക് ജോലിയും കിട്ടി. ആറുമാസം കഴിഞ്ഞപ്പോൾ അമേരിക്ക് ആദ്യമായി ആളുകൾ പോകുന്ന കൂട്ടത്തിൽ അവൾക്കും പോകാൻ സാധിച്ചു. പെട്ടന്നു തന്നെ എനിക്കും ഇവിടെ എത്തിച്ചേരാൻ ദൈവകൃപയുണ്ടായി. അതെല്ലാം ദൈവത്തിന്റെ വലയ കൃപ ആയിട്ടേ അന്നും ഇന്നും കരുതുന്നുള്ളു. ഞങ്ങളുടെ ജീവിതം വളരെ സുന്ദരമായിരുന്നു.

ഞാൻ ഇവിടെ വന്നതിനു ശേഷം എന്റെ കഠിനാദ്ധ്വാനം കൊണ്ടാണ് ഈ ഇടവക ഇവിടെ ഉണ്ടായത്. ഈ മലയാളികളെയെല്ലാം ഒന്നിച്ചു കൂട്ടി ഈ പരുവത്തിലാക്കിയത്. അച്ചനറിയാമല്ലോ, ഇങ്ങോട്ടു വിളിച്ചാൽ അങ്ങോട്ടു പോകുന്ന ഇവരെയെല്ലാം കൂടെ ഒന്നിച്ചു ഇതുവെരെ കൊണ്ടു പോയി. ഇതിന്റെ പിന്നിൽ വളരെ കഷ്ടപാടുണ്ടെന്നത് അച്ചനും അറിയാം. ഇപ്പോൾ കഴിഞ്ഞ ഒരു വർഷമായി അച്ചൻ ഈ ഇടവകയുടെ വികാരിയായി സേവനം ചെയ്യുന്നു.

അമേരിക്കയിൽ വന്ന കാലം മുതൽ ഇന്നു വെരെ ആ വലിയ കമ്പിനിയിലെ കൂലിവേലക്കാരനായിട്ടാണ് ഞാൻ ജോലി ചെയ്യുന്നത്. മറ്റേതെങ്കിലും ഒരു സ്റ്റേറ്റിൽ പോയാൽ മാന്യമായ വൈറ്റ കോളർ ജോലി കിട്ടാൻ സാദ്ധ്യതയുണ്ടായിട്ടും അവളെ പ്രതി മാത്രം ഈ ജോലിയുമായി ഇവിടെ തുടരുകയാണ്. അവൾ പഠിച്ച് ഇപ്പോൾ നേഴ്സ് പ്രാക്ടീഷനറായി ആ ആശുപത്രിയിൽ തന്നെ ജോലി ചെയ്യുകയാണ്. അവളുടെ പഠനത്തിനു വേണ്ടി അവളുടെ കൂടെ സഹകരിച്ചു പോകാൻ അവിടെ തന്നെ ജോലി ചെയ്യാൻ ഞാൻ നിർബന്ധിതനായി.

അമേരിക്കയിൽ വന്ന് ഡോളാർ വാരാൻ തുടങ്ങിയപ്പോൾ മുതൽ അവളുടെ സ്വഭാവത്തിനും വ്യതിയാനം വന്നു തുടങ്ങി. ജോലിയും കഴിഞ്ഞു വരുന്ന എന്റെ ശരീരത്തിൽ നിന്നു വരുന്നത് അവൾക്ക് അസഹനീയമായി തുടങ്ങി. ഒരിക്കൽ അവളെന്നോടു പറയുക തന്നെ ചെയ്തു : "എന്റെ ഇപ്പോഴത്തെ പൊസിഷനെന്തവാണെന്ന് അറിയാമോ" അന്ന് ഞാനാദ്യമായി അവളോടെ "ഷട്ടപ്പ്" എന്നാക്രോഷിക്കാൻ നിർബന്ധിതനായി.

ഇപ്പോൾ ഞങ്ങൾക്ക് ഇവിടെയുള്ള മലയാളികളെക്കാൾ വില കൂടിയ വലിയ മാളികയുണ്ട്; വില കൂടിയ കാറുകൾ ഉണ്ട്; എല്ലാ ജീവിത സുഖസൗകര്യങ്ങളുമുണ്ട്. എന്നാൽ ഇന്ത്യയിൽ ഉണ്ടായിരുന്നപ്പോൾ ഉണ്ടായിരുന്ന മനസമാധാനം മാത്രമില്ല. ഞങ്ങളുടെ അകൽച്ച ദിനംപ്രതി വർദ്ധിച്ചു കൊണ്ടിരിക്കുയാണ്.

അച്ചൻ ഇവിടെ വന്നതുകൊണ്ട് അവൾ എന്നോട് ഇപ്പോൾ പറയുന്നത് "മഗ്ദലനമറിയാം പരിശുദ്ധയായി തീർന്നതുപോലെ ഞാനും ആയിതീരാൻ പ്രയാസമില്ലന്നാണ്" അവളുടെ ജീവിതത്തിന് അജഗജാന്തരം, രാപകൽ പോലെയായി. ഇപ്പോൾ പ്രാർത്ഥനയും ഉപവാസവും ഭക്തിയും മാത്രമായി. ജോലിക്കു പോകണമെന്നുപോലും അവൾക്കില്ലാതായി. ഏതെങ്കിലും ആരാധന ഉള്ള ദിവസം അവൾ ജോലിക്കു പോകത്തില്ല. "എനിക്ക് എന്റെ ദൈവം മാത്രം മതി" ഇതാണവൾ എപ്പോഴും പറയുന്നത്.

"അച്ചാ, എനിക്കെന്റെ ഭാര്യയെ തിരിച്ചു കിട്ടണം. ഭാര്യ ആയിട്ടു തന്നെ തരിച്ചു കിട്ടണം അല്ലാതെ പരിശുദ്ധ ആയിട്ടു വേണ്ട" അയാളുടെ രോദനവും പതം പറച്ചിലും തുടന്ന് കൊണ്ടിരുന്നു; ഇടതടവില്ലാതെ.